## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3568 20.06.2019 ൽ മറുപടിക്ക്

## സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. ബാബു<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.ഐ.ബി. സതീഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങളുടെ വർദ്ധനവ് തടയുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. ലോക്കൽ പോലീസിനെ സൈബർ കുറ്റകൃത്യങ്ങൾ ഉൾപ്പെടെയുള്ള കേസുകളുടെ അന്വേഷണത്തെ സഹായിക്കുന്നതിലേയ്ക്ക് എല്ലാ പോലീസ് ജില്ലകളിലും സൈബർ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവി മുൻപാകെ ലഭിക്കുന്ന സൈബർ കുറ്റകൃത്യങ്ങൾ അടങ്ങിയ പരാതികൾ അന്വേഷിക്കുന്നതിനായി പോലീസ് ആസ്ഥാനത്ത് ഒരു Hi-tech Crime Enquiry Cell രൂപീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ ലോക്കൽ പോലീസിന് അന്വേഷിക്കുവാൻ സാങ്കേതികമായിട്ട് സാധിക്കാത്തതും, സങ്കീർണ്ണവുമായ സൈബർ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിനു വേണ്ടി സംസ്ഥാനത്ത് നാല് സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളും നിലവിലുണ്ട്. കൂടാതെ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് സൈബർ പോലീസ് സ്റ്റേഷനിൽ നിന്നും പോലീസ് പത്രക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്.കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ സജ്ജമാക്കുന്നതിനായി പോലീസ് |

| | | | |
|---|---|---|---|
| | | | ട്രെയിനിംഗ് കോളേജിലും, കേരള പോലീസ് അക്കാഡമിയിലും സൈബർ ക്രൈമുമായി ബന്ധപ്പെട്ട കോഴ്സുകൾ നിരന്തരം നടത്തി വരുന്നു. |
| (ബി) | സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ച് വിദ്യാർത്ഥികളിലും യുവജനങ്ങളിലും അവബോധം വളർത്തുന്നതിനായി നടത്തിവരുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും, വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികളും ക്ലാസുകളും നടത്തി വരുന്നു. |
| (സി) | സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് കുടുംബശ്രീ, നിർഭയ തുടങ്ങിയ സ്ത്രീകൂട്ടായ്മകളിൽ എന്തെല്ലാം ക്ലാസ്സുകളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | കുടുംബശ്രീ, നിർഭയ തുടങ്ങിയ സ്ത്രീ കൂട്ടായ്മകളിൽ കുട്ടികൾ സൈബർ ലോകത്തെ ചതിക്കുഴികളിൽ ചെന്നു ചാടുന്നതിനെ സംബന്ധിച്ചും, സ്ത്രീകൾ ചതിക്കപ്പെടുന്നതിനെ സംബന്ധിച്ചും, കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും, സൈബർ ലോകത്ത് മറഞ്ഞിരിക്കുന്ന ചതിക്കുഴികളെ സംബന്ധിച്ചും മറ്റും ബോധവത്കരണ ക്ലാസുകൾ എടുക്കുന്നു. |
| (ഡി) | മികച്ച സൈബർ സുരക്ഷയ്ക്ക് കേരള പോലീസിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ലഭിച്ചിട്ടുണ്ട്. സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018 ലെ FICCI Smart Policing Award കേരളാ പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്. കൂടാതെ Security Watch India (SWI) Innovation and Excellence Award 2016 ൽ "Innovative use of Technology in Cyber Security" എന്ന വിഭാഗത്തിലും സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയ തലത്തിൽ കേരളാ പോലീസിന് അവാർഡ് ലഭിക്കുകയുണ്ടായി. ഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയും നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ് വെയർ ആന്റ് സർവ്വീസസ് കമ്പനിയും (നാസ്കോം) സംയുക്തമായി നൽകുന്ന അവാർഡാണിത്. |

സെക്ഷൻ ഓഫീസർ